<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652</u> <u>13-02-2024 - ൽ മറുപടിയ്ക്ക്</u>

<u>ചാത്തന്നൂർ പൂയപ്പള്ളി സബ്ബ് ട്രഷറി കെട്ടിടനിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പൂയപ്പള്ളി സബ്ബ് ട്രഷറിക്ക് ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ( നം.2533321/എസ്റ്റാ-സി3/2023/ധന ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പൂയപ്പള്ളി സബ്ബ് ട്രഷറിക്ക് ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ലഭിച്ചിരുന്നു. പ്രസ്തുത നിവേദനത്തിന്മേൽ ട്രഷറി ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10/10/2023 – ലെ നം.2533321/എസ്റ്റാ-സി3/103/2023/ധന നമ്പർ കത്ത് പ്രകാരം നിവേദകന് മറുപടി നൽകിയിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ(എസ്റ്റാ-സി) വകുപ്പ്

നമ്പർ.2533321/എസ്റ്റാ-സി3/103/2023/ധന

10-10-2023,

തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

ശ്രീ ജി എസ് ജയലാൽ
(ചാത്തന്നൂർ)
മെമ്പർ ,കേരള നിയമ സഭ
കൃഷ്ണ സ്മൃതി
ഇടവട്ടം, ചിറക്കര പി ഒ
കൊല്ലം -691 578

സർ,

വിഷയം:- ധനകാര്യ വകുപ്പ് - ട്രഷറി വകുപ്പ് - ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂയപ്പള്ളി സബ് ട്രഷറി- പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് .

സൂചന:- 1. 06/08/2023 -ൽ ബഹു ധനകാര്യ വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ചിരിക്കുന്ന നിവേദനം

2. ട്രഷറി ഡയറക്ടറുടെ 12/09/2023 -ലെ TRY/10607/2019-A(TIDP) II നമ്പർ കത്ത്

3. സ ഉ (സാധാ)നം .5117/2023/ധന തീയതി 05/07/2023.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പൂയപ്പള്ളി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടറുടെ 15.10.2022 -ലെ DCKLM/8504/2019/L3 നമ്പർ ഉത്തരവ് പ്രകാരം പൂയപ്പള്ളി വില്ലേജിൽ ബ്ലോക്ക് 33-ൽ റീസർവ്വേ നമ്പർ 187/6-ൽ ഉൾപ്പെട്ട 3.24 ആർ പുറമ്പോക്ക് സ്ഥലം പൂയപ്പള്ളി സബ്ട്രഷറി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ട്രഷറി വകുപ്പിന് കൈമാറുന്നതിനായി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ (പുനലൂർ) 14.10.2020-ലെ ഡി.1330/20 ആർ.ഡി.സ് ഉത്തരവ്വ പ്രകാരം പുറമ്പോക്കിലേക്ക് മാറ്റി സബ് ഡിവിഷൻ ചെയ്തു 187/31 എന്ന റീസർവ്വേ നമ്പർ നൽകി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ട്രഷറി വകുപ്പിനു കെട്ടിടം നിർമ്മിക്കുന്നതിനു നല്കിയിട്ടുള്ളതാണ്. ട്രഷറി വകുപ്പിന് ലഭ്യമായ പൂയപ്പള്ളി ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ കെട്ടിടങ്ങൾ

Office Copy

നിർമ്മിക്കുന്നതിന് സൂചന 3 പ്രകാരം PMC ആയി HLL Life Care Ltd-നെ നിശ്ചയിച്ചിരുന്നു. അവർക്ക് Work അവാർഡ് ചെയ്തു നൽകിയതിന്റെ ഭാഗമായി പൂയപ്പള്ളി ഉൾപ്പെടെയുള്ള സൈറ്റുകൾ സന്ദർശിച്ച് DPR തയ്യാറാക്കുന്ന നടപടി HLL Life care Ltd ആരംഭിച്ചിട്ടുണ്ട്. DPR ലഭ്യമായിക്കഴിഞ്ഞാൽ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം സവിനയം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ശ്രീനി.ജി
ജോയിന്റ് സെക്രട്ടറി
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ